# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.161 — 06.02.2019-ൽ മറുപടിക്ക്

## പ്രവാസികൾ നേരിടുന്ന ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.കെ.ബാബു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിന്റെ പുരോഗതിയിൽ നിർണായക പങ്ക് വഹിക്കുന്ന പ്രവാസികൾ നേരിടുന്ന തൊഴിൽ ചൂഷണം, വിസ തട്ടിപ്പ്, മൃതദേഹം പോലും തൂക്കി നോക്കി അന്യായ നിരക്ക് ഈടാക്കുന്നതുൾപ്പെടെയുള്ള വിമാനക്കമ്പനികളുടെ ചൂഷണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടുന്നത് എങ്ങനെയെന്ന് അറിയിക്കാമോ ; | (എ) തൊഴിൽ ചൂഷണത്തിന് ഇരയാകുന്ന പ്രവാസികൾ നൽകുന്ന പരാതികൾ സർക്കാർ അതത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്രവാസികളുടെ വിസ തട്ടിപ്പുൾപ്പെടെയുള്ള പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികൾ സംസ്ഥാന പോലീസ് മേധാവിയ്ക്കും, എൻ.ആർ.ഐ. പോലീസ് സൂപ്രണ്ടിനും കൈമാറുകയോ, അല്ലെങ്കിൽ പരാതികൾ അതത് പോലീസ് സ്റ്റേഷനുകൾ വഴി നേരിട്ട് ഇടപെട്ട് തീർപ്പാക്കുകയോ ചെയ്തു വരുന്നു. തൊഴിൽ ചൂഷണം സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കായി നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ "വിദേശ തൊഴിൽ കാംക്ഷികൾക്കായുള്ള ശില്പശാലകൾ" എന്ന പേരിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഉദ്യോഗാർത്ഥികൾ വിദേശത്തേയ്ക്ക് പുറപ്പെടുന്നതിന് മുമ്പ്, അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളായ വിദേശങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ, നിയമാനുസൃത റിക്രൂട്ടിംഗ് കമ്പനികളുടെ വിവരങ്ങൾ, വിസ-എമിഗ്രേഷൻ നിയമങ്ങൾ, തൊഴിൽ ഉടമ്പടി, കസ്റ്റംസ് നിയമങ്ങൾ, യാത്രാ നിബന്ധനകൾ, തൊഴിൽ സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ അറിവ് നൽകുന്നതിന് പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി വരുന്നുണ്ട്. കൂടാതെ വിദേശ |

| | | |
|---|---|---|
| | | റിക്രൂട്ടുമെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെയും, സർക്കാർ തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾ മുഖാന്തിരവും വ്യാപകമായി ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. വിമാനത്താവളങ്ങളിൽ മൃതദേഹം പോലും തൂക്കി നോക്കി അന്യായ നിരക്ക് ഈടാക്കുന്നത് ഉൾപ്പെടെയുള്ള വിമാനകമ്പനികളുടെ ചൂഷണം തടയുന്ന വിഷയം പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതാണ്. വിമാനയാത്രാക്കൂലി അമിതമായി ഈടാക്കുന്ന വിഷയത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുമുണ്ട്. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രാക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാ നിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്ന് കേന്ദ്രവ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ടി വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടു വരുന്നതാണ്. |
| (ബി) | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രവാസി നിക്ഷേപം മുതൽക്കൂട്ടാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | (ബി) 'പ്രവാസി ഡിവിഡന്റ് പദ്ധതി' നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ